കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം പണിയുന്നതിന് നടപടി

163 [1102] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഒരു സ്റ്റേഡിയം പണിയുന്നതിനും അതോടനുബന്ധിച്ച് കളിക്കാരെ വളർത്തിയെടുക്കുന്നതിന് ഒരു പരിശീലനകേന്ദ്രവും ആരംഭിക്കുവാൻ സർക്കാർ മുൻകൈയെടുക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകളെയും പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കളിസ്ഥലം നിർമ്മിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും ധനസഹായം നൽകുന്ന ഒരു പദ്ധതി സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്.

സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയംതൊഴിൽ മേഖലയിൽ പരിശീലനത്തിന് സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം അനുവദിച്ചുവരുന്നു. സാമൂഹ്യ തിൻമകൾക്കെതിരെ യുവജനങ്ങളെ സജ്ജരാക്കുന്നതിന് ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. കൂടാതെ, യുവജനങ്ങളുടെ കലാപരവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും മാറ്റുരയ്ക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വർഷംതോറും കേരളോൽസവം നടത്തിവരുന്നുണ്ട്.

ആലത്തൂരിൽ സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിന് നടപടി

164 [1103] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഒരു സ്പോർട്സ് സ്കൂൾ തുടങ്ങുന്നതിന് 1994-ലെ ബഡ്ജറ്റിൽ അനുമതി നൽകുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly